## തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിക്രമം
(അവതരണം: പി.എം.ഫ്രാൻസിസ്. ഐ എ എസ്)

നം. ഇഎ1/822/14 . തീയതി :28. 04.2015.

വിഷയം :- വ്യവസായം - ജീവനക്കാര്യം - വകുപ്പിലെ ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം - ജില്ലാ തലത്തിൽ ക്ലാർക്ക് തസ്തികകളുടെ കേഡർ സ്ട്രെങ്ത് നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു :

പരാമർശം :- 1. സ.ഉ.(പി).നം:1/2014/ഉ.ഭ.പ.വ തീയതി:03.01.2014.
2. സ.ഉ.(പി).നം:21/20144/ഉ.ഭ.പ.വ തീയതി:19.07.2014.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ ക്ലാർക്ക് / എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം നൽകുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ നിയമനാധികാരികളും അതത് വകുപ്പിലെ ജില്ലാ തലത്തിലുള്ള ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്ത് നിജപ്പെടുത്തി ഉത്തരവായതിനു ശേഷം മാത്രമേ പരാമർശം (1) പ്രകാരമുള്ള തസ്തികമാറ്റ നിയമനം അനുവദിക്കുവാൻ പാടുള്ളൂ എന്ന് പരാമർശം (2) ഉത്തരവ് പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വ്യവസായ വാണിജ്യ വകുപ്പിലെ ക്ലാർക്ക് തസ്തികകളുടെ ജില്ലാതല കേഡർ സ്ട്രെങ്ത് ചുവടെ ചേർക്കും പ്രകാരം നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ജില്ല | ക്ലാർക്ക് തസ്തികയിലെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 74 |
| 2 | കൊല്ലം | 15 |
| 3 | പത്തനംതിട്ട | 5 |
| 4 | ആലപ്പുഴ | 19 |
| 5 | കോട്ടയം | 12 |
| 6 | ഇടുക്കി | 8 |
| 7 | എറണാകുളം | 16 |
| 8 | തൃശ്ശൂർ | 14 |

| | | |
|---|---|---|
| 9 | പാലക്കാട് | 9 |
| 10 | മലപ്പുറം | 13 |
| 11 | കോഴിക്കോട് | 14 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 12 |
| 14 | കാസർഗോഡ് | 5 |
| | ആകെ | 218 |

പരാമർശം (1) പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനം ആകെ കേഡർ സ്ട്രെങ്ത്തിന്റെ 10%-മായി നിജപ്പെടുത്തേണ്ടതാണ്. ഒരു സാഹചര്യത്തിലും പ്രസ്തുത നിയമനം കേഡർ സ്ട്രെങ്ത്തിന്റെ 10%-ത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ വകുപ്പിൽ നിലവിലുള്ള 218 ക്ലാർക്ക് തസ്തികയുടെ 10%-ത്തിന് ആനുപാതികമായി 22 തസ്തികകൾ ജില്ല തിരിച്ച് ചുവടെ ചേർക്കും പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ബൈ-ട്രാൻസ്ഫർ മുഖേനയുള്ള തസ്തികമാറ്റ നിയമനത്തിനുള്ള കേഡർ സ്ട്രെങ്ത് ആയി നിജപ്പെടുത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ജില്ല | ക്ലാർക്ക് തസ്തികയിലെ എണ്ണം | ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ബൈ-ട്രാൻസ്ഫർ നിയമനത്തിനായി നിജപ്പെടുത്തിയ എണ്ണം (ക്ലാർക്ക് തസ്തികയുടെ 10 %) |
|---|---|---|---|
| 1 | തിരുവനന്തപുരം | 74 | 7 |
| 2 | കൊല്ലം | 15 | 2 |
| 3 | പത്തനംതിട്ട | 5 | 1 |
| 4 | ആലപ്പുഴ | 19 | 2 |
| 5 | കോട്ടയം | 12 | 1 |
| 6 | ഇടുക്കി | 8 | 1 |
| 7 | എറണാകുളം | 16 | 2 |
| 8 | തൃശ്ശൂർ | 14 | 1 |
| 9 | പാലക്കാട് | 9 | 1 |
| 10 | മലപ്പുറം | 13 | 1 |
| 11 | കോഴിക്കോട് | 14 | 1 |
| 12 | വയനാട് | 3 | 0 |
| 13 | കണ്ണൂർ | 12 | 1 |
| 14 | കാസർഗോഡ് | 5 | 1 |
| | ആകെ | 218 | 22 |

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ബൈ-ട്രാൻസ്ഫർ മുഖേനയുള്ള തസ്തിക മാറ്റ നിയമനം ഒരു കാരണവശാലും 22-ൽ അധികരിക്കുവാൻ പാടുള്ളതല്ല. ഇത് സംബന്ധിച്ചുള്ള എല്ലാ നിയമനങ്ങളും പരാമർശം (1) ലെയും പരാമർശം (2) ലെ ഉത്തരവുകൾക്കും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സ്പഷ്ടീകരണത്തിനും വിധേയമായിട്ടുള്ളതായിരിക്കും.

(ഒപ്പ്)
വ്യവസായ വാണിജ്യ ഡയറക്ടർ.

സ്വീകർത്താവ്:-

1. ഡയറക്ടർ, കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം.
3. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്(ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ(ജി)/(ടി) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ)
4. എല്ലാ ജനറൽ മാനേജർക്കും
5. എല്ലാ പ്രോജക്ട് ഓഫീസർ (കയർ)മാർക്കും
6. എല്ലാ ഉപജില്ലാ വ്യവസായ ഓഫീസർമാർക്കും
7. ഈ ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും
8. സൂക്ഷിപ്പ് ഫയൽ/ അധികപകർപ്പ്.

ഉത്തരവിൻപ്രകാരം,

ജൂനിയർ സൂപ്രണ്ട്.